File No.LSGD-DC2/131/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - 1992, 1994 വർഷങ്ങളിൽ നെടുമങ്ങാട് നഗരസഭയിൽ നിന്നും രാജപ്പൻ (Late) കൈപ്പറ്റിയ NRY, LLR വായ്പകളുടെ പിഴപലിശ ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കി ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1210/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/06/2019

---

പരാമർശം:-1 ശ്രീമതി എസ്.ഗീത, പി.ജി. ഭവനം, മണ്ണാറക്കോട്, ചിതറ സമർപ്പിച്ച 27/03/2018-ലെ നിവേദനം

2 നഗരകാര്യ ഡയറക്ടറുടെ 08/10/2018 ലെ ഡിസി4-12313/18 നമ്പർ കത്ത്

<u>ഉത്തരവ്</u>

ശ്രീമതി എസ്.ഗീതയുടെ പിതാവ് വർഷങ്ങൾക്ക് മുൻപ് മരണപ്പെട്ട രാജപ്പൻ, നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ നിന്നും താഴെപ്പറയുന്ന വായ്പകൾ എടുത്തിരുന്നുവെങ്കിലും പ്രസ്തുത വായ്പകൾ ടിയാൻ തിരികെ അടച്ചിട്ടില്ല .

| വർഷം | വായ്പ ഇനം | വായ്പ തുക |
|---|---|---|
| *1994* | *NRY* വായ്പ പദ്ധതി<br>(വീട് മെയിന്റനൻസ്) | *3666/* - രൂപ |
| *1992* | *LLR* വായ്പ പദ്ധതി<br>(ടോയിലറ്റ് നിർമ്മാണം) | *1729/*- രൂപ |

പ്രസ്തുത വായ്പകളുടെ കുടിശ്ശിക, പലിശയും പിഴപലിശയും ചേർത്ത് ഒടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ പിഴപലിശ ഒഴിവാക്കി നൽകണമെന്ന് ശ്രീമതി എസ്.ഗീത പരാമർശം(1) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി എസ്.ഗീതയുടെ വാർഷിക വരുമാനം 9000/- രൂപയാണെന്ന് ചിതറ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ലോൺ എടുത്തയാൾ മരണപ്പെട്ടു പോയ സാഹചര്യവും പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകയുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് പ്രസ്തുത വായ്പകളുടെ പിഴപലിശ ഒഴിവാക്കി ഉത്തരവാകുന്നു.

File No.LSGD-DC2/131/2018-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

ശ്രീമതി ഗീത, പി ജി ഭവനം, മണ്ണറക്കോട്, വളവുപച്ച പി.ഒ. ചിതറ, കൊല്ലം (ജില്ല).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ